Resolutions on matters of General Public Interest.

The Establishment of a Cosmopolitan Hostel.

President.—Next, we shall take up Mr. Raman's resolution. The resolution runs thus:—

"*That this Council recommends to the Government the inaavisability of maintaining at Government expense separate Students' Hostels for the different communities based on caste distinctions and the desirability of establishing only one Cosmopolitan Hostel for the use of all boys and another one for the use of the lady students.*"

Mr. M. K. Raman.—I think it will be more impressive, if I speak in Malayalam, though the resolution regarding the establishment of a Cosmopolitan Hostel is worded in English. I am compelled to speak in Malayalam so as to attain my object.

ഈ പ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നതു് കുറച്ചു് സങ്കോചത്തോടുകൂടിയാണു്. കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ ഒരേരൊ വർഗ്ഗത്തിൽപെട്ട കുട്ടികൾക്കും പ്രത്യേകം പ്രത്യേകം കിണറുകൾ കുഴിപ്പിക്കുവാൻ ഏർപ്പാടു ചെയ്തു എന്നൊ എന്നു ഞാൻ ഗവർമ്മേണ്ടിനോടു ചോദിച്ച ചോദ്യത്തിനു ഉണ്ടെന്നു മറുപടി പറഞ്ഞ ഗവർമ്മേണ്ടു് ഏല്ലാ സ്ഥിത്തിലും ഉൾപ്പെട്ട വിദ്യാർത്ഥികൾ ഒരുമിച്ചു ഒരേവിദ്യാർത്ഥി മന്ദിരത്തിൽ താമസിക്കുന്നതിനു് ഉദ്ദേശിച്ചുകൊണ്ടു് വന്നിട്ടുള്ള ഈ പ്രമേയത്തിനു് ആനുകൂല്യം കാണിക്കുമെന്നു് വിചാരിക്കുവാൻ ന്യായം കാണുന്നില്ല. എങ്കിലും ഇപ്പോഴത്തെ കാലാനുസരണമായ സ്ഥിതിക്കു് ഉൽകൃഷ്ടേച്ഛകളായ വിദ്യാർത്ഥികൾക്കു് ജാത്യാദിത വ്യത്യാസമെന്നിയെ ഒരുമിച്ചുതാമസിക്കുന്നതിനുള്ള ഒരു മന്ദിരത്തിന്റെ അത്യാവശ്യകതയെ പ്രമാണിച്ചു് ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവരുവാൻ ഞാൻ ധൈര്യപ്പെട്ടതാണു്. പൂർവ്വാചാരങ്ങളെ മുറുകെപിടിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുള്ള സ്ഥലങ്ങളിൽ വിദ്യാലയങ്ങളിൽ പോലും ഗവർമ്മേണ്ടു് നിഷ്കർഷയായി എന്തെങ്കിലും പ്രവർത്തിച്ചു പൂർവ്വാചാരദോഷം ചെയ്യുവാൻ വിചാരിക്കുന്നില്ലെന്നാണു് ഗവർമ്മേണ്ടിന്റെ മറുപടി—"അനാശാസ്യമായ വർഗീയവ്യത്യാസങ്ങളുടെ വിദ്യാർത്ഥികളുടെ ഇടയിൽ നിലനിന്നിപ്പോരുന്ന ഈവക ഏർപ്പാടുകളെ പ്രോത്സാഹിപ്പിക്കാമൊ" എന്നു ഞാൻ ചോദിച്ചതിനു് ഇപ്പോഴത്തെ സ്ഥിതിക്കു് ആവക ദോഷങ്ങൾ ഈ ഏർപ്പാടുകൊണ്ടു് ഉണ്ടായിതീരുമെന്നു് ഗവർമ്മേണ്ടു് വിചാരിക്കുന്നില്ലെന്നും ഗവർമ്മേണ്ടു് മറുപടി പറഞ്ഞതു്. അതുകൊണ്ടാണു് ഈ പ്രമേയം കൊണ്ടുവരുവാൻ സങ്കോചമുണ്ടെന്നു് ഞാൻ ആദ്യംതന്നെ പറഞ്ഞതു്. ആ ഉത്തരത്തിൽ പറയുന്ന ഇപ്പോഴത്തെ സ്ഥിതി എന്തെന്നു് ഗവർമ്മേണ്ടു് ശരിയായി മനസ്സിലാക്കീട്ടുണ്ടൊ എന്നു് ഞാൻ ബലമായി സംശയിക്കുന്നു.

ഇപ്പോൾ നാം നമ്മുടെ രാജ്യത്തു് എവിടെയും കണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ന്യൂനതവസ്തുക്കളും തമ്മിലുള്ള അനൈകമത്യവും മത്സരവും ആകുന്നു. ആവക വൈഷമ്യങ്ങൾ മേലാൽ ഉണ്ടാകാതിരിക്കുന്നതിനും ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുവരുന്ന നമ്മുടെ ചെറുപ്പക്കാർ വിദ്യാഭ്യാസം കഴിഞ്ഞു് രാജ്യത്തിലെ പ്രമാണികളും പൌരന്മാരുമായി വിദ്യാലയത്തിൽ നിന്നും പുറത്തുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് ഇപ്പോൾ കാണുന്ന മാതിരിയുള്ള അനൈകമത്യവും വർഗീയമാത്സര്യവും ജാതിവൈരവും അവരിൽ ഇല്ലാതിരിക്കുന്നതിനും ഏറ്റവും ഉപയോഗപ്രദമായ ഒരു ഏർപ്പാട് നടപ്പിലാക്കാനാണ് ഈ പ്രമേയംമൂലം ഞാൻ ശ്രമിക്കുന്നതെന്ന് മാന്യ അദ്ധ്യക്ഷൻഅവർകളും ബഹുമാനപ്പെട്ട സാമാജികന്മാരെല്ലാവരും വിചാരിച്ച് ഈ സംഗതിയിൽ എല്ലാവരും ഒരുമയായി ആനുകൂല്യം പ്രദർശിപ്പിക്കുമെന്ന് ഞാൻ വിശ്വസിച്ചുകൊള്ളുന്നു.

ഒരേമന്ദിരത്തിൽ വിവിധവർഗ്ഗത്തിൽ പെട്ട പല വിദ്യാർത്ഥികളും ഒരുമിച്ച് താമസിക്കാൻ ഇടവരുന്നതുകൊണ്ട് അവരുടെ വിദ്യാഭ്യാസകാലത്തേക്കുമാത്രമല്ല അവിടംവിട്ട് സാമുദായിക ജീവിതത്തിലിറങ്ങുമ്പോഴേക്കും അത്യന്താപേക്ഷിതമായ അന്യോന്യമൈത്രിയും എല്ലാസംഗതികളിലും ഐകമത്യവും സാഹോദര്യവും അവരിൽ ഉണ്ടാകുന്നു. ഭാവിയിലെ കൊച്ചി ഒരു ഉൽകൃഷ്ടജീവിതം നയിക്കാൻ ഞാൻ വായുന്നതുപോലെയുള്ള ഒരു സ്ഥാപനം എടയാക്കിതീർക്കുന്നു. എന്നാൽ ഇതിന് പ്രതിബന്ധങ്ങൾ ഉള്ളതായി പലേ ബഹുമാനപ്പെട്ട അംഗങ്ങളും കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷെ ഒന്നിച്ചുതാമസിച്ചുകൊണ്ട് ഭക്ഷണം കഴിക്കുന്നതിന് പ്രത്യേകം പ്രത്യേകം അടുക്കളകൾ ഉണ്ടായിരുന്നാൽ ഈ വക വിഷമങ്ങൾ വരികയില്ലെന്നാണ് എന്റെ ബോദ്ധ്യം. ഭിന്നവർഗ്ഗക്കാർ കൂടിച്ചേർന്ന് ഭക്ഷണം കഴിക്കുന്ന ഏർപ്പാടുകൂടി വേണമെന്ന് നിഷ്കർഷയായി ഞാൻ പ്രസ്താവിക്കാത്തതും ഈ ഉദ്ദേശത്തിൽ തന്നെയാകുന്നു. എല്ലാ ജാതിയിലുള്ള വിദ്യാർത്ഥികളും ഒരുമിച്ച് താമസിക്കയും ആവശ്യവും സമ്മതവും ഉള്ളവർ ഒരുമിച്ച ഭക്ഷണം കഴിക്കുകയും അല്ലാത്തവർക്ക് അങ്ങനെ ഇഷ്ടമുള്ള പക്ഷം വേറെ വേറെ അടുക്കളകൾ വെച്ച് വെവ്വേറെ കഴിക്കുകയോ സന്ദർഭക്കുറവിൽ മാംസഭക്ഷണക്കാർക്കും വേറെയായിരുന്നു അടുക്കളകൾമാത്രം ഉണ്ടാക്കി ഭക്ഷിക്കയോ ചെയ്ത് ശേഷമുള്ള സംഗതികൾ എല്ലാം ഒരുമിച്ച് നടത്തുകയും ചെയ്യുന്നതിന് സൌകര്യപ്പെടുന്ന തരത്തിലാണ് എന്റെ പ്രമേയം.

ഡാക്ടർ എ. ജി. മേനോൻ.—പ്രമേയം കൊണ്ടുവന്നിരിക്കുന്നത് ഇംഗ്ലീഷിലും അതിനപ്പുറവും സംസാരിക്കുന്നത് മലയാളത്തിലും ആകയാൽ പ്രമേയത്തെ കൂടി മലയാളത്തിലാക്കിട്ട് പറയുന്നതായിരിക്കുകയില്ലത്തു.

മിസ്റ്റർ എം. കെ. രാമൻ.—"വിദ്യാർത്ഥികൾക്ക് താമസത്തിനായി ഗവർമ്മെണ്ട് ചിലവിൽമേൽ നടത്തിവരുന്ന മന്ദിരങ്ങൾ, ഓരോ വർഗ്ഗക്കാർക്ക് പ്രത്യേകം പ്രത്യേകം തിരിച്ചു വെവ്വേറെയായി നടത്തിവരുന്ന അനാശാസ്യമായ ഏർപ്പാട് നിറുത്തൽ ചെയ്യുന്നതിനും ഭിന്നവർഗ്ഗങ്ങൾ എല്ലാവരും ഒരുമിച്ച് താമസിക്കുന്നതിനുള്ള വിദ്യാർത്ഥിമന്ദിരങ്ങൾ സ്ഥാപിച്ച് ഗവർമ്മെണ്ടിൽനിന്ന് നടത്തുന്നതാണെന്നും ഈ സഭ ഗവർമ്മേണ്ടിനോട് ശിപാർശിചെയ്യുന്നു". എന്നായിരിക്കും ഏകദേശം ഒരു തർജ്ജമ. തെറ്റുകളുണ്ടെങ്കിൽ മലയാളത്തിൽ എനിക്കുള്ള പാണ്ഡിത്യത്തിന്റെ കുറവാണെന്നുവെച്ച് നിങ്ങൾ ക്ഷമിയ്ക്കുമല്ലോ.

വിദ്യാർത്ഥികൾ ഒന്നിച്ചുതാമസിക്കുന്നതുകൊണ്ട് ഓരോരുത്തർക്കും പലവിധമായ ഗുണങ്ങൾ സിദ്ധിക്കുന്നതാണ്. തമ്മിൽ തമ്മിൽ ഉള്ള ആശയങ്ങളെ അന്യോന്യം ഗ്രഹിപ്പിക്കുന്നതിനും ഭിന്നാഭിപ്രായങ്ങളെ നശിപ്പിച്ച് പരസ്പരം മനച്ചേർച്ച വരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് സംഗതി. ആകുന്നതെന്നുള്ള പ്രധാന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതിനെ ഇവിടെ അവതരി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നതു് എന്നു് മുമ്പുതന്നെ പറഞ്ഞുവല്ലൊ. നമ്മുടെ വിദ്യാർത്ഥികൾ ഈ രാജ്യത്തുവെച്ചു് മാത്രമാണു് ഈ വിധം അനാചാരങ്ങൾക്കു് നിർബന്ധിതരാകുന്നുള്ളു. അതും ഒരു തരത്തിൽ ആലോചിക്കുമ്പോൾ അവരുടെതെറ്റല്ല. നമ്മുടെ ഈ വിദ്യാർത്ഥികൾതന്നെ മദ്രാശിയിൽ പോയിതാമസിക്കുന്ന അവസരത്തിൽ— ഇവിടെ നാം മിന്നവഗ്ഗക്കാരാണെന്നുള്ള കാരണം പറഞ്ഞു് പ്രത്യേകം പ്രത്യേകം താമസിക്കുന്ന അതേവിദ്യാർത്ഥികൾതന്നെ— വലിയസൌഹാർദ്രതയിലും സഹോദരസ്നേഹത്തിലും ഒരുമിച്ചു താമസിച്ചു് ആ മനോഗുണങ്ങളോടുകൂടിത്തന്നെ മടങ്ങിവരുന്നതായി നാം കാണുന്നുണ്ടു്. ഈ മലയാളക്കരയിൽ വരുന്നമാത്രയിൽ ചിലപ്പോൾ അതിനു വൈകല്യം സംഭവിക്കുന്നു. സ്വാമി വിവേകാനന്ദൻ ഒരിക്കൽ തന്റെ ഒരു പ്രസംഗത്തിൽ മലയാളക്കര ആകപ്പാടെ ഒരു അനാചാര ഭ്രാന്തശാല ആണെന്നു് പറഞ്ഞിരിക്കുന്നതു ഈ കാരണത്താലായിരിക്കണം ഈ മലയാളത്തിൽ അനാചാരങ്ങൾ മൂർദ്ധന്യദശയിൽ എത്തി ഭ്രാന്തശാല എന്ന പേരും കൂടിനമ്മുടെ രാജ്യത്തിനു് ലഭിച്ചുകഴിഞ്ഞു. ഈ ദുഷ്പേരിനെ ഇല്ലാതാക്കുന്നതിനും വഗ്ഗീയ മത്സരം ഇല്ലാതെ നമ്മുടെ ചെറുപ്പക്കാർ വളരുന്നതിനും വിദ്യാർത്ഥികൾക്കു് വേണ്ടതക്ക സൌകര്യങ്ങൾ പ്രദാനംചെയ്യണമെന്നും കരുതിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവരുന്നതു്. ഇന്നത്തെ വിദ്യാർത്ഥികളാണു് നാളത്തെ പൌരവന്മാരും പ്രമാണികളും എന്കേണ്ടവർ. അവരുടെ ഇടയിൽ പരസ്പരദ്വേഷവും ജാതിമത്സരവും വളർത്തുന്ന അനാശാസ്യമായ ഒരു ഏർപ്പാടാണു് ഇപ്പോഴത്തെ ഹോസ്റ്റലുകൾ. ഇവർ ഒരേ അഭിപ്രായത്തോടും ആദർശത്തോടും കൂടി വളരേണ്ടവരാണു്. അതിനാണു് ഗവർമ്മെന്റു് ശ്രമിക്കേണ്ടതും ശ്രദ്ധിക്കേണ്ടതും. പ്രകൃതി മനോഹരമായിരിക്കുന്ന ഈ കൊച്ചിരാജ്യത്തെ അലോലപ്പെടുത്തിയിട്ടു് ഈവക അനാചാരങ്ങളാണു്, അവയെ ഇപ്പോഴും പ്രോത്സാഹിപ്പിച്ചുകൊണ്ടുപോരുന്ന ഏർപ്പാടുകൾ ഗവർമ്മെന്റു് ചെയ്യുന്നതു് പോരായ്മയാണു്. ഈവക ചില ദോഷങ്ങളെ നമുക്കു് പരിഹരിക്കാമെങ്കിൽ നാം നമ്മുടെ രാജ്യത്തിനു് പ്രകൃതിയിലെന്നപോലെതന്നെ ആചാരസംപ്രദായങ്ങളിലും മാഹാത്മ്യം ഉണ്ടാക്കുന്നതായിരിക്കും. അതാണു് നമ്മുടെ മുമതല. നമുക്കു് ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഏറ്റവും മഹത്തരമായ ഒരു പ്രവൃത്തിചെയ്യാൻ സന്ദർഭം കിട്ടീട്ടുണ്ടു്. ആ സന്ദർഭത്തെ ഉപയോഗപ്പെടുത്തി ഈ പ്രമേയത്തെ അനുകൂലിച്ചു് ഇതു് പാസ്സാക്കി നടപ്പിൽ വരുത്തുവാൻ എല്ലാവരോടും അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡെണ്ടു്.—എറണാകുളത്തു് ഹിന്ദുക്കൾക്കും ഈഴവക്കും കുസ്ഥാനികൾക്കും പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകൾ ഉള്ളതിനേമാറി വിദ്യാർത്ഥികൾ എല്ലാവരും ഒന്നിച്ചു താമസിക്കുന്നതിനും വെപ്പും ഊണും വെവ്വേറെ ആകുന്നതിനും ആണോ പറയുന്നതു?

മിസ്റ്റർ എം. കെ. രാമൻ.—വിദ്യാർത്ഥികളുടെ താമസം ഒരുമിച്ചുതന്നെ ആക്കണം. വെപ്പും ഊണുമൊന്നുപ്പറ്റി ഞാൻ ഒന്നും നിഷ്കർഷിക്കുന്നില്ല. വിദ്യാർത്ഥികൾ തന്നെ ഒരുമിച്ചു് ഭക്ഷണം കഴിക്കുന്നതിനു് താല്പര്യപ്പെട്ടുകൊള്ളും. അല്ലാത്തപക്ഷം വെവ്വേറെ ഭക്ഷണശാലകൾ ഏർപ്പെടുത്താം. മനസ്സുള്ളവർക്കു് ഒരുമിച്ചു് കഴിക്കുന്നതിനും ഒരു പൊതുഭക്ഷണശാലയും ഉണ്ടാക്കാം. അഥവാ ഇപ്പോൾ വെവ്വേറെതന്നെ ഏർപ്പാടുചെയ്യണമെങ്കിൽ എനിക്കു് അതിനു വിസമ്മതമില്ല.

പ്രസിഡെണ്ടു്.—ഭക്ഷണം കഴിക്കുന്നതു് എങ്ങിനെയും ആകാം. ഒന്നിച്ചു് താമസിക്കുന്ന ഏർപ്പാടു് വേണമെന്നാണു് പറയുന്നതു, അല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാമൻ.—അതേ. അപ്രകാരം ഒരുമിച്ച് താമസിക്കുന്നതിനൊ ഭക്ഷണം കഴിക്കുന്നതിനൊ മതസംബന്ധമായ യാതൊരു സംഗതിയും പ്രതിബന്ധമാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. വാസ്തവത്തിൽ ഇപ്പോഴത്തെ വിദ്യാർത്ഥികൾക്കല്ല ഈ കാര്യത്തിൽ വിസമ്മതമുള്ളതെന്നു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർതന്നെ പറയും. ഇതിനപ്പുറവി ഏതെങ്കിലും ഒരു വിദ്യാർത്ഥിയോട് നേരിട്ട് അഭിപ്രായം ചോദിക്കുകയാണെങ്കിൽ ഇപ്പോഴത്തെ ചെറുപ്പക്കാരുടെ ആശയങ്ങളെല്ലാം ഏറ്റവും പരിഷ്കൃതങ്ങളാകയാൽ അവക്ക് ഇക്കാര്യത്തിൽ അശേഷം വൈമനസ്യം ഇല്ലെന്നു് സന്തോഷമുഖത്തോടു കൂടിയ മറുപടി കിട്ടുമെന്നാണ് എനിക്ക് തോന്നുന്നതു്. അവക്ക് അങ്ങനെ ഒരു അനുവാദം മാത്രം കൊടുത്താൽമതി. ഇപ്പോൾ അനുമതി ഇല്ലാഞ്ഞിട്ടാണു് അവർ വിഷമിക്കുന്നതു്. ആയതിനാൽ ഇപ്പോഴത്തെ പലേന്യൂനതകളേയും പരിഹരിക്കുന്നതിനും നമ്മുടെ നാട്ടിനു് ഭ്രാന്തശാലയെന്ന അപകീർത്തിനാമം ഇല്ലായ്മ ചെയ്യുന്നതിനും വിദ്യാഭ്യാസ വിഷയത്തിൽ ബ്രിട്ടീഷ് മതലായ രാജ്യങ്ങൾക്കു് നാം ഏതുപ്രകാരത്തിൽ മാതൃകയായി തീർന്നുവൊ അതേപ്രകാരത്തിൽ ആചാരശുദ്ധിയിലും നാം മറ്റുള്ളവക്ക് മാതൃകയായി തീരുന്നതിനും നമ്മുടെ വിദ്യാർത്ഥികളുടേയും രാജ്യത്തിന്റേയും ഭാവിശോഭനമായി തീരുന്നതിനും രാജ്യം സമാധാനപരമായി അഭിവൃദ്ധിപ്പെടുന്നതിനും മറ്റു അനേക വിശിഷ്ട ഉദ്ദേശങ്ങളോടുകൂടി ഈ സഭയിൽ ഞാൻ ഈ സംഗതി അവതരിപ്പിച്ചുകൊള്ളുന്നു. അതിനാൽ ഈ സഭാവാസികളായ എല്ലാ സാമാജികന്മാരും സൌഹാർദ്ദതയോടെ എന്റെ ഈ പ്രമേയത്തെ അനുകൂലിപ്പാൻ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു്.—എറണാകുളം ഹോസ്റ്റലുകളെ ദൃഷ്ടാന്തമായി എടുത്തുകാണിച്ചും വിവരിച്ചും കാര്യം വെളിവാക്കാമൊ?

മിസ്റ്റർ എം. കെ. രാമൻ.—എല്ലാവരും കൂടി ഒന്നിച്ചു താമസിക്കണം. ഭോജനശാല മാത്രം തല്ലാലത്തേക്ക് വേറെ ആക്കിയാലും വിരോധമില്ല. പിന്നീടു് ആ വിദ്യാർത്ഥികൾ തന്നെത്താൻ അവക്കു് വെവ്വേറെ ഭക്ഷണശാല ആവശ്യമില്ലെന്നു് പറയും എന്നാണു് എന്റെ വിശ്വാസം. കാലം പണ്ടത്തെ മാതിരി അല്ല. കാലചക്രം വളരെ ശീഘ്രഗതിയിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു. അനാചാരങ്ങളും മത്സരങ്ങളും ഇല്ലാതായി. എല്ലാവരും ഒന്നാണെന്നുള്ള ബോധം ഇപ്പോഴത്തെ ജനങ്ങളിൽ ഉണ്ടായി വളർന്നുകൊണ്ടിരിക്കുന്നു. അനാചാരങ്ങളും മറ്റും പാടെ നശിച്ചുവരുന്നു. അവയെ പ്രോത്സാഹിപ്പിക്കരുതെ. അവ എല്ലാം നീക്കുന്നതിനു് തക്ക പ്രശസ്തമായ ഒരു മനസ്ഥിതി വിദ്യാർത്ഥികളിലും വിദ്യാർത്ഥിനികളിലും, ഇപ്പോഴത്തെ പരിഷ്കൃത വിദ്യാഭ്യാസം മൂലം അലങ്കരിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവിൽ പെട്ടിടത്തോളം ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടുതന്നെയാണു് താമസം ഒന്നിച്ചു് ആക്കണമെന്നു് ഞാൻ നിഷ്കർഷിക്കുന്നതും ഭക്ഷണശാല ഒന്നാകണമെന്നു് തല്ലാലം നിഷ്കർഷിക്കാത്തതും.

ഡാക്ടർ എ. ജി. മേനോൻ.—കാസ്മാപോലിറ്റൻ ഹോസ്റ്റൽ എന്നു് പറഞ്ഞാൽ താമസവും ഭക്ഷണശാലയും എല്ലാം ഒന്നാക്കണമെന്നാണെല്ലൊ അർത്ഥം? എന്നാൽ ഭക്ഷണശാലാകാര്യത്തിൽ നിഷ്കർഷിക്കുന്നില്ലാ എന്നും പറയുന്നു, അതെന്താണു്?

മിസ്റ്റർ എം. കെ. രാമൻ.—ആ വാക്കുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്ന അർത്ഥം ഇതാണ്. അവർ എല്ലാവരും കൂടി മനസ്സിച്ച് താമസിക്കണമെന്നേയുള്ളൂ. ഞാൻ ആദ്യം പറഞ്ഞതുപോലെ. ചിലർ വെറും സസ്യഭുക്കുകളായിരിക്കും. ചിലർ മാംസാഹാരികളും ഇഷ്ടപ്പെടുന്നവരാകും. അങ്ങനെ വരുമ്പോൾ രണ്ടായി വിഭജിക്കേണ്ട ആവശ്യം വന്നുചേരും. അങ്ങനെ അല്ലാതെ ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകം വയ്ക്കണമെന്നുപറയുന്നതു് ആശാസ്യമായ ഒരു രീതി അല്ല.

പ്രസിഡണ്ട്.—കാസ്മോപോളിറ്റൻ ഹോസ്റ്റൽ എന്നു പറയുമ്പോൾ ഭക്ഷണം കൂടി അടങ്ങുമല്ലോ. ഭക്ഷണവും വെപ്പും താമസവും ഒക്കെ ഒന്നുചേർന്നു നടത്തണമെന്നാണ് പറയുന്നതു. അല്ലേ?

ഡാക്ടർ എ. ജി. മേനോൻ.—അതാണ് ഞാനും കുറച്ചു മുമ്പു ചോദിച്ചതു്. കാസ്മോപോളിറ്റൻ എന്നുപറഞ്ഞാൽ എല്ലാം ഒന്നിച്ചു വേണമെന്നാണ് അർത്ഥം. എന്നാൽ ഭക്ഷണം വെയ്ക്കുന്നതിൽ നിഷ്ഷ കൂടാതെ ആദ്യമായി അതു കരുതിയാണ് ഈ പ്രമേയംകൊണ്ടുവന്നതെന്നും പറയുന്നു. അതു മനസ്സിലാകുന്നില്ല.

മിസ്റ്റർ എം. കെ. രാമൻ.—കാസ്മോപോളിറ്റൻ എന്ന വാക്കിനു് ഞാൻ മനസ്സിലാക്കിയ അർത്ഥം മെമ്പർ കല്പിക്കുന്നതുപോലെ വ്യാപകമായുള്ള അർത്ഥത്തിൽ അല്ല ഞാൻ അതിനെ നിർദ്ദേശിച്ചിട്ടുള്ളതു്. കാസ്മോപോളിറ്റൻ എന്ന വാക്കിൽ താമസവും ഭക്ഷണവും എല്ലാം ഉൾപ്പെടുത്താം. എങ്കിലും എന്റെ നിർദ്ദേശാർത്ഥം അവയെ മനസ്സിലാക്കുന്നില്ല.

പ്രസിഡണ്ട്.—അതാണ്. ആ വാക്കിനു് എല്ലാം ആകാമെന്നും അർത്ഥമുണ്ട്.

Dr. A. G. Menon.—"Cosmopolitan Hostel" means a hostel where boys live and mess together.

Mr. S. F. Nunez.—That is not the meaning attached to the word by the mover. Of course, there is much ambiguity in the term.

മിസ്റ്റർ എം. കെ. രാമൻ.—അങ്ങനെ അഥവാ തെറ്റിദ്ധരണകൾ ഉണ്ടെങ്കിൽ ചിലമാന്യമെമ്പർമാർ ഇതിനു കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾകൊണ്ടു് അവ തീർന്നുപോകുന്നതാണ്.

President.—He means that the boys of the institution should live together and dine together. But objections come from different quartes, and he does not want any amendment.

Mr. S. F. Nunez.—Sir, if the word "Cosmopolitan" contains amendment No. 1, I second the resolution.

LIBRARY ARCHIVES Kerala Legislative Assembly

President.—The resolution should be seconded in full; otherwise, no discussion on the resolution will be allowed.

മിസ്റ്റർ എം. കെ. രാമൻ.—ഈ പ്രമേയത്തെ പാസ്സാക്കാതെ ഇതിനു് എന്തെങ്കിലും പ്രതിബന്ധം വരുത്തുകയാണെങ്കിൽ ഇപ്പോൾ വിദ്യാഭ്യാസം സിദ്ധിച്ചുവരുന്ന വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും അവരുടെ മനസ്സിൽ ഉദ്ദേശിക്കുന്ന ഓരോവിധമായസാമുദായിക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു് തടസ്ഥം വരുത്തുകയാണു്. ഇപ്പോൾ വിദ്യാഭ്യാസം സിദ്ധിക്കുന്ന വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും സാമുദായിക കാര്യങ്ങളിൽ പരിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിനും അറിവു് സമ്പാദിക്കുന്നതിനു് ആഗ്രഹമുള്ളവരാണു്. നാം ഇങ്ങനെ ഒരു പ്രമേയം പാസ്സാക്കി ഗവർമ്മേണ്ടിനയച്ചു് നടപ്പിൽ വരുത്തിയാൽ അതു് അവരുടെ മനസ്സിൽ സ്വതേ ഉന്നതമായിട്ടുള്ള ഈ വക ആഗ്രഹങ്ങളെ വികസിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം ആയിത്തീരുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അല്ലാതെ സാമൂഹികന്മാർ ദുസ്സാദ്ധ്യമായ ഒരു സംഗതിയായി ഇതിനെ കരുതുകയില്ലെന്നാണു് എന്റെ വിചാരം. യഥാർത്ഥത്തിൽ ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികളുടേയും വിദ്യാർത്ഥിനികളുടേയും മനസ്ഥിതി അതുകണ്ടു് പരിഷ്കൃതമായിട്ടുണ്ടു്. അതുകൊണ്ടു് സാമാജികന്മാരെല്ലാവരും യോജിച്ചു് ഈ പ്രമേയത്തെ പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.—സർ, മിസ്റ്റർ രാമന്റെ പ്രമേയത്തെ പ്രത്യേകമായി ചില കാരണങ്ങളെക്കൊണ്ടു് ഞാൻ ഹാർദ്ദമായി പിന്താങ്ങുന്നു. ഈ നിയമനിർമ്മാണസഭയുടെ കഴിഞ്ഞ ബഡ്ജറ്റു് മീറ്റിംഗിൽ വെച്ചതന്നെ ഭിന്നവർഗ്ഗക്കാർക്കു് പ്രത്യേകം പ്രത്യേകമായി ഓരോ ഹോസ്റ്റലുകൾ സ്ഥാപിച്ചു് കൊടുക്കുന്നതിലുള്ള അനൗചിത്യത്തെപ്പറ്റിയും അതുകൊണ്ടു് നേരിടുന്ന ബുദ്ധിമുട്ടുകളേക്കുറിച്ചും ഞാൻ സ്വവിസ്താരം പ്രതിവാദിച്ചിട്ടുണ്ടായിരുന്നു. ഈ സന്ദർഭത്തിലും അതിനെ പുരസ്കരിച്ചു തന്നേയാണു് എനിക്കു ചിലതെല്ലാം നിവേദിപ്പിക്കാനുള്ളതു്. അനാചാരപരമായ ഒരു ഏർപ്പാടിനെ നിർത്തലാക്കി "കാസ്മോപൊളിറ്റൻ ഹോസ്റ്റൽ"—സർവ്വസാധാരണമായ ഒരു ഹോസ്റ്റൽ—സ്ഥാപിക്കണമെന്നു പറയുന്നതു് ആചാരവിധ്വംസനമാണെന്നു് പക്ഷേ, അനാചാരപരന്മാർക്കു് തോന്നിയേയ്ക്കാം. എന്നാൽ എന്റെ എളിയ അഭിപ്രായത്തിൽ അങ്ങനെയല്ല തോന്നുന്നതു്. പ്രാചീനഭാരതത്തിലെ സ്ഥിതി ആലോചിക്കുകയാണെങ്കിൽ അന്നു് വിദ്യാർത്ഥികൾ എല്ലാം ഒന്നുചേർന്നു് ഗുരുകുലത്തിൽ താമസിച്ചു് വിദ്യാഭ്യാസം ചെയ്തിരുന്നതായി ബോധപ്പെടും. ഗുരുകുലവാസത്തിൽ ഓരോ വർഗ്ഗക്കാർക്കു് ഓരോ പ്രത്യേക സ്ഥലങ്ങൾകൊടുത്തിട്ടുള്ളതായി പ്രാചീന ഗ്രന്ഥങ്ങളിൽ നിന്നും തെളിയുന്നില്ല.

ഇപ്പോഴത്തെ ഹോസ്റ്റൽനിർമ്മാണസമ്പ്രദായങ്ങൾ തന്നെ പഴയ ഗുരുകുലവാസത്തിന്റെ ഒരു അനുകരണമാണെന്നു് ഊഹിക്കാം. ഒരു വിദ്യാർത്ഥിക്കു് ബ്രഹ്മചര്യത്തിൽ വിദ്യാപൂർത്തിവരേണ്ടതു് നാലു മാർഗ്ഗങ്ങളിൽ കൂടിയാണു്. ഒരംശം ഗുരുനാഥനിൽ നിന്നും ഒരു ഭാഗം സ്വന്തം ആലോചനകൊണ്ടും മറ്റൊരു ഭാഗം ബ്രഹ്മചര്യകാലങ്ങളിൽ സഹപാഠികളിൽ നിന്നും വേറൊരു വക്കു കാലക്രമംകൊണ്ടുമാകുന്നു. പല്ലറഞ്ഞതിൽ ഒരു ഭാഗം വിദ്യാർത്ഥികൾക്കു ലഭിക്കുന്നതിനു് അധികം സൌകര്യമുണ്ടാക്കിക്കൊടുക്കേണമെന്നുള്ള മുഖ്യോദ്ദേശത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടിയായിരുന്ന പണ്ടുകാലങ്ങളിൽ ഗുരുകുലവാസം ഏർപ്പെടുത്തിയിരുന്നതു്. പ്രധാനമായ അതിന്റെ അനുകരണമായിരിക്കണം ഇപ്പോഴത്തെ വിദ്യാർത്ഥി സത്രനിർമ്മാണങ്ങൾ. ഇന്നത്തെ നിലയ്ക്കു് അവിടെ ഗുരുനാഥനിൽ നിന്നും വിദ്യ ലഭിക്കാൻ ഇടയില്ല എങ്കിലും വിദ്യാർത്ഥികൾക്കു് ബ്രഹ്മചര്യകാലങ്ങളിൽ ഉണ്ടായിരിക്കേണ്ടു് സഹവാസത്തിനും സിദ്ധിക്കേണ്ട അറിവിനും അവ പയ്യാപ്തമായി വരുന്നുണ്ടു്. ഈ ഉദ്ദേശം കുട്ടികളിൽ സഫലമായിത്തീരണമെന്നുണ്ടെങ്കിൽ നിശ്ചയമായും നമ്മുടെ ഗവർമ്മേണ്ടു് അവിടെ ജാതിയോ മതമോ ഒന്നും നോക്കേണ്ട കാര്യമില്ല. ഗുരുകുലവാസത്തിൽ ജാതിയും മതവും ഒന്നുമില്ലായിരുന്നവല്ലൊ? അവരുടെ ഉദ്ദേശം ജ്ഞാനവർദ്ധനം ഒന്നുമാത്രമായിരുന്നു. അവർ അവിടെ ജാതിയോ മതമോ ഒന്നും നോക്കിയിരുന്നില്ല. എല്ലാവരേയും ഒരുപോലെ ഗണിച്ചു് പരിപാലിച്ചുവന്നു. വിദ്യാർത്ഥികളിൽ പരസ്പരം സൌഹാർദ്ദതയും വിശ്വാസവും വർദ്ധിപ്പിക്കുന്നതിനും കൂടി ആവക സ്ഥാപനനടവടികൾ കാരണമായിത്തീർന്നിരുന്നു. അവയെ അനുകരിക്കുന്ന നാമും നമ്മുടെ വിദ്യാർത്ഥിമന്ദിരങ്ങളിലും ജാതിയോ മതമോ നോക്കേണ്ടതില്ല. സർവ്വസാധാരണമായ ഹോസ്റ്റലുകൾ നിർമ്മിച്ചു് നടത്തേണ്ടതു് നമ്മുടെ ഗവർമ്മേണ്ടിന്റെ ധർമ്മവും പ്രധാനമായുമാണു്. മനസ്സുള്ളവർ അവിടെ താമസിക്കട്ടെ. ആചാരവും ജാതിയും ദീക്ഷിക്കണമെന്നുള്ളവർ അതിൽ താമസിക്കണമെന്നു് നിർബന്ധിക്കുന്നില്ലല്ലൊ. ജാതിയെ പുലർത്താനും മതത്തെ വളർത്താനും നോക്കുന്നതു് എപ്പോഴും അനാശാസ്യമാകുന്നു.

മിസ്റ്റർ രാമൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെതന്നെ ആചാരവും ജാതിയും വേണമെന്നുള്ളവർക്കും അതിൽ താമസിക്കുന്നതിനു് വിരോധമില്ല. അവർക്കു് ഇപ്പോഴത്തെ നിലയ്ക്കു് അല്പം ചില അസൌകര്യങ്ങൾ ഉണ്ടാകുന്നതല്ലാതെ വലിയപ്രതിബന്ധത്തിനു് ഈ ഏർപ്പാടു് കാരണമായിത്തീരുകയില്ല. മറുപ്രദേശങ്ങളിൽ ഈ ഏർപ്പാടു് സാധാരണമാണു്. അതുകൊണ്ടു് വിദ്യാർത്ഥികളിൽ വലുതായ സഹോദര്യവും സൌഹാർദ്ദതയും മൂളയ്ക്കുയും വളരുകയും ചെയ്യുന്നുണ്ടു്. മദ്രാസിലെ വിക്ടോറിയകാളേജു് ഹോസ്റ്റലും മറും ഈ രീതിയിൽ നടത്തിപ്പോരുന്നവയാണു്.

പ്രസിഡെണ്ടു്.—വിക്ടോറിയാ ഹോസ്റ്റലിൽ എല്ലാജാതിക്കാരും ഒത്തൊരുമിച്ചാണൊ ഉണ്ണുന്നതും താമസിക്കുന്നതു്?

മിസ്റ്റർ കെ. പി. കുറുപ്പൻ.—വെപ്പു് വെവ്വേറെയും താമസവും ഊണും ഒന്നിച്ചുംതന്നേയാണു്. സസ്യഭക്ഷകർക്കും മാംസഭക്ഷകർക്കും ആയിട്ടാണു് വേറെ വേറെയായി പാകം ചെയ്യുന്നതെന്നു് തോന്നുന്നു.

പ്രസിഡെണ്ടു്.—സസ്യഭക്ഷകളിൽതന്നെ ചില വർഗ്ഗത്തിൽപെട്ടവർ ഉണ്ടൊ? അതോ, ഒരേജാതിക്കാർ മാത്രമൊ?

Mr. C. A. Ouseph.—There are people, who are vegetarians, among Hindus, living together, and Hindus who are not purely vegetarians have no objection to live together with Christians in the Victoria Hostel in Madras.

Mr. C. A. Kunjunni Raja.—It is not so, Sir.

LIBRARY ARCHIVES Kerala Legislative Assembly

President.—I think there are separate kitchens for vegetarians. What I want to know is whether Brahmins, Nayars and Christians assemble in one and the same building for dining.

Mr. A. B. Salem.—I am able to speak from my personal knowledge. In the Victoria Hostel in Madras all the students live together in the residential building. But messing is done in separate buildings. In my time they had a Tamil kitchen, a Telugu kitchen, a Brahmin kitchen, a non-Brahmin kitchen, and a non-vegetarian kitchen. I asked for a Jewish kitchen for myself, but it was not given. So the kitchens are different, and the dining halls attached to these kitchens are also separate.

President.—That is just like the case in Ernakulam where there is only one cooking but different dining halls.

Mr: C. Matthai.—The cooking halls are also different in the Victoria Hostel. But here the hostel is purely a Hindu one, and the students are purely vegetarians.

Dr. A. G. Menon.—Does not the word "cosmopolitan" include "living together as well as eating together"? But according to the meaning of the word "cosmopolitan", the dining halls should be the same, and meals should be taken together.

President.—That is what we ought to understand from the word and it is what Mr. Raman means.

മിസ്റ്റർ കെ. പി. കുറുപ്പൻ.—മദ്രാസിലെ ഹോസ്റ്റലിൽ വെജിറ്റേറിയന്മാരുടെ തന്നെയാണ് ഭക്ഷണം പാകം ചെയ്യുന്നത്. താമസം എല്ലാവരും ഒന്നിച്ച് ഒരേ സ്ഥലത്തുതന്നെ.

പ്രസിഡണ്ട്.—വെജിറ്റേറിയനും നോൺ വെജിറ്റേറിയനും ഒരിടത്തുതന്നെയാണോ? ഇവിടെ അതെല്ലാം ഒന്നിച്ചുവേണമെന്നല്ലെ പറയുന്നത്?

മിസ്റ്റർ കെ. പി. കുറുപ്പൻ.—അതു് അത്രനിഷ്കർഷയായി പ്രമേയത്തിൽ നിർദ്ദേശിച്ചിട്ടില്ലെന്നാണ് പ്രമേയകർത്താവു് വിവക്ഷിക്കുന്നതു്. അദ്ദേഹം തന്നെ പ്രസംഗത്തിൽതന്നെ ആ അഭിപ്രായത്തെ വ്യക്തമാക്കുകയും ചെയ്തു.

ജാതിമതങ്ങളെ ഗവർമ്മെണ്ടു് പുലർത്തിത്തുടങ്ങിയാൽ കാലം ചെല്ലുന്തോറും ഓരോരോ വർഗ്ഗക്കാർക്കും പ്രത്യേകം സത്രങ്ങൾ വേണമെന്നു് ആവശ്യപ്പെട്ടു തുടങ്ങും. അവരുടെ ആ അപേക്ഷകളെ പരിഗണിക്കേണ്ടതു് ഗവർമ്മെണ്ടിന്റെ കർത്തവ്യങ്ങളിൽ ഒന്നായിതീരും. അങ്ങനെ ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകം ഹോസ്റ്റൽ നിർമ്മിച്ചു് തുടങ്ങുകയാണെങ്കിൽ നമ്മുടെ ഈ കൊച്ചുരാജ്യത്തു് അനവധി ഹോസ്റ്റൽ വേണ്ടിവരും. അതു നമുക്കു് അസാദ്ധ്യവും അതിനാൽ അനാവശ്യവും ധനവിനിയോഗവിഷയത്തിൽ വലുതായദോഷത്തെ ചെയ്യുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു സമ്പ്രദായമായിത്തീരും. അതിനാൽ ഗവൺമേണ്ടു് വഴ്ങ്ങിനോക്കി ഹോസ്റ്റലുകൾ സ്ഥാപിക്കേണ്ടതില്ല. എല്ലാവർക്കും പൊതുവായിട്ടുള്ള ഹോസ്റ്റലുകൾ നടപ്പാക്കാൻ ഉദ്യമിക്കണം. അതാണു് ധർമ്മം. അതായിരിക്കണം നമ്മുടെ നയവും. അതിൽ മനസുള്ളവർ താമസിക്കട്ടെ. ആരേയും നിർബന്ധിക്കാൻ പോകേണ്ട. അങ്ങനെ വരുമ്പോൾ——നിർബന്ധിക്കാതിരിക്കുമ്പോൾ—— യാതൊരുത്തർക്കും പരാതിക്കു് ഇടയില്ലാതാകും.

പ്രസിഡണ്ടു്.—സ്കൂളുകളിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം ഉള്ളതുപോലെ ഹോസ്റ്റലിലും അതുപോലെ ആക്കണമെന്നാണു് പറയുന്നതു്.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.—അതല്ലാതെ വഴ്ങ്ങി തിരിച്ചു് വേണമെന്നുള്ള സമ്പ്രദായങ്ങളും മറ്റും പഴമക്കാർ ഉണ്ടാക്കിവെച്ചതാണു്. അക്കാലത്തെ നടപ്പിനു് അങ്ങനെ വേണ്ടിവന്നതായിരിക്കാം. ഇപ്പോഴത്തെ വിദ്യാർത്ഥികൾക്കു് ജാതിഹോസ്റ്റൽതന്നെ വേണമെന്നു് ആഗ്രഹമില്ലെന്നു് എനിക്കു് മിക്കവാറും അറിയാം. ഇപ്പോഴത്തെ വിദ്യാർത്ഥികൾ പരിഷ്കാരപ്രസക്തന്മാരാണു്. അവർക്കു് ജാതി ഹോസ്റ്റലിനെക്കാൾ കുറച്ചൊളിവാൻ ഹോസ്റ്റലിനോടായിരിക്കണം പ്രീതി ഉണ്ടാവുക. പരമാർത്ഥം അങ്ങനെയാണെന്നും എനിക്കറിവുണ്ടു്. എന്നാൽ അവരുടെ ആ ആശ്വാസികസതത്തെ, പ്രയോഗികമാക്കുന്നതിനു് പ്രാചീനമനഃസ്ഥിതിയുള്ള നമ്മുടെ ചില കാരണവന്മാരുടെ അനാചാരപ്രസക്തിതടസ്ഥമായിത്തീരുന്നു. ഈ അനാചാരപരന്മാരായ നമ്മുടെ കാരണവന്മാർക്കു് ഈ പുതിയ ഏർപ്പാടു് ഒട്ടും രുചിക്കയില്ലെന്നു ഞാൻ ഏറ്റുപറയുന്നു. അതിനാലാണു് വെപ്പും ഊണും പ്രത്യേകമാക്കുന്നതിനു് വിരോധമില്ലെന്നും, മനസ്സില്ലാത്തവരെ വരാൻ നിർബന്ധിക്കരുതെന്നും ഞാൻ താഴ്മയായി അഭിപ്രായപ്പെട്ടതു്. ഈ രീതികളിൽ ഇടിയാകുമ്പോൾ അത്തരക്കാർക്കും വലിയ വൈമനസ്യത്തിനു് അവകാശമുണ്ടാകയില്ലെന്നു തോന്നുന്നു.

ജാതിഹിന്തുക്കളിൽത്തന്നെ പലരും പാശ്ചാത്യദേശങ്ങളിൽപോയി ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്തു് അവിടെയുള്ള ജനങ്ങളുമായി സഹവസിച്ചും ഊണുകഴിച്ചും തിരിച്ചുവരുന്നുണ്ടല്ലൊ? അവർക്കു് ഇപ്പോൾ ഇവിടെ ജാതിഭ്രംശം കല്പിക്കുന്നില്ല. ആ ഒരു സംഗതിതന്നെ ഇവിടത്തെ വിവിധഹോസ്റ്റൽ നിർമ്മാണസമ്പ്രദായത്തിന്റെ അനൗചിത്യത്തെ വിളിച്ചുപറയുന്നില്ലെ എന്നു ഞാൻ സംശയിക്കുന്നു.

ഇക്കാരണങ്ങൾകൊണ്ടു് നാം ഒരു മാതൃകയെ വിചാരിക്കേണ്ടതുള്ളു. ഇത്തരം സമ്പ്രദായങ്ങൾ പഴമക്കാർ എന്തൊ കാരണത്താലൊ, അകാരണത്തോടുകൂടിതന്നെയൊ—ചിലപ്പോൾ ജാതിപാലനം തന്നെയായിരിക്കാം ഉദ്ദേശം—ഉണ്ടാക്കിവെച്ചതാണു്. അവരുടെ പിൻഗാമികൾ അവരെ പിന്തുടർന്നു് അതുബലമായി പടർന്നുപിടിച്ചു, അതിന്റെ അനൗചിത്യത്തെ അന്നു് ആർക്കും ബോധപ്പെട്ടിരുന്നിരിക്കയില്ല. അറിഞ്ഞിരുന്നെങ്കിൽതന്നെയും പറയാൻ നാവുണ്ടായിരുന്നില്ല. അങ്ങനെയാണു് ഇതേവരെ നിന്നുവന്നതു്. ഇപ്പോൾ ലോകം ത്വരിതഗതിയാൽ മുന്നോട്ടു ഗമിക്കുന്നു. പരിഷ്കാരങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. അതോടുകൂടി വന്നതെ ആചാരങ്ങൾ പലതും അനാചാരങ്ങളാണെന്നു് ജനതതി മനസ്സിലാക്കി തുടങ്ങി. അപ്പോൾ അവയ്ക്കു് അതുമാറണമെന്നുണ്ടായിരുന്നാൽ അതു് ഗവൺമേണ്ടും അനുകൂലിക്കേണ്ടതാണു്. നമ്മുടെ ബഹുമാനപ്പെട്ട ഗവൺമേണ്ടു് ഇക്കാര്യത്തിൽ വിരോധമാവും പ്രദർശിപ്പിക്കയില്ലെന്നാണു് എന്റെ ബലമായ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾ വിദ്യാഭ്യാസകാലത്തു് സമുദായകാര്യങ്ങളിൽ പ്രവേശിക്കാറില്ല. വാസ്തവത്തിൽ അക്കാലത്തു് അവർക്കു് പൌരന്മാരുടെ ഒരു നിലയില്ല. പിന്നീടു് സാമുദായികജീവിതത്തിൽ ഒരു മാന്യനിലലഭിക്കുന്നതിനാണു് അവരുടെ വിദ്യാർത്ഥിജീവിതം അവർക്കു് ഉപയോഗപ്രദമാകേണ്ടതു്. ഒരു യഥാർത്ഥ പൌരനു് സഹോദര്യം, സമഭാവന മുതലായ ഗുണങ്ങൾ ഉണ്ടായിരിക്കണം. അതിനുവേണ്ട നിർദ്ദേശങ്ങളാണു് അധികാരികൾ അവർക്കു് വിതരണം ചെയ്യേണ്ടതു്. ശ്രീനാരായണഗുരുദേവന്റെ ഇത്തരം സർവ്വസാധാരണമായ വിദ്യാർത്ഥി സത്രങ്ങൾ ഉപകരിക്കുമെന്നാണു് എന്റെ അനുഭവം എന്നെ മനസ്സിലാക്കുന്നതു്.

ഞാൻ മുമ്പു് പറഞ്ഞതുപോലെ വിദേശങ്ങളിൽപോയി പലവിധങ്ങളിലും സമ്പാദിച്ചു് അവരോടൊന്നിച്ചു് ഉണ്ണുംകഴിച്ചു് മടങ്ങി എത്തുന്ന സവർണ്ണക്രിസ്ത്യാനിക്കും ഒരു ക്ഷത്രിയകുമാരനും, ഒരു ബ്രാഹ്മണകുമാരനും ഈഴവനും മുഹമ്മദീയനും ക്രിസ്ത്യാനിക്കും ഈഴവനും ജാതിഭേദം കൂടാതെ ഒരുമിച്ചു് താമസിക്കാവുന്ന ഒരു കാലഘട്ടമാണിതു്. കാലവും നടപടികളും അതുകണ്ടു് പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. ഇനിയും മേൽക്കുമേൽ പരിഷ്കരിക്കപ്പെട്ടുകൊണ്ടുതന്നെയിരിക്കയും ചെയ്യും.

അതിനാൽ ക്ഷണവും പാചകവും പ്രത്യേകം പ്രത്യേകം ആയാലും വേണ്ടില്ല ജാതിഭേദംകൂടാതെ എല്ലാ വിദ്യാർത്ഥികളും ഒന്നിച്ചുവസിക്കത്തക്ക സർവ്വസാധാരണമായ സത്രങ്ങൾതന്നെ സ്ഥാപിച്ചു് നടപ്പിൽ വരുത്തേണ്ടതാണു് നമ്മുടെ ധർമ്മം. അതു് വിദ്യാർത്ഥികളിൽ സാഹോദര്യവിശ്വാസം, ഐകമത്യം, മുതലായ ഗുണങ്ങളെ ഉൽഭൂതമാക്കും. അവർ പൌരന്മാരായി തീരുമ്പോൾ രാജ്യത്തു് ആകപ്പാടെ പ്രശാന്തമായ ഒരു സമാധാനം വ്യാപിക്കുന്നതിനു് കാരണമായിത്തീരും.

അതിനാൽ അപ്രകാരമുള്ള സർവ്വസാധാരണമായ വിദ്യാർത്ഥിസത്രങ്ങൾ സ്ഥാപിച്ചു് നടത്തുന്നതാണു് ഉചിതമായിട്ടുള്ളതെന്നു് ഗവർമ്മേണ്ടിനെ താഴ്മയായി ഉൽബോധിപ്പിച്ചുകൊണ്ടു് ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

It being 5 p. m. the Council adjourned for the day.

T. K. KRISHNA MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly